**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2628** **07-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാറിലെ മഴക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബറിലുണ്ടായ മഴക്കെടുതിയിൽ വീടും വസ്തുവകകളും ജീവനോപാധികളും നഷ്ടപ്പെട്ടവരുടെ പേരിലുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ എന്തെങ്കിലും ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ പ്രത്യേകമായി ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നിരുന്നാലും മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം / ബാങ്കുകളിൽ നിന്നും വായ്പയെടുത്തവരിൽ പ്രളയം, മഴക്കെടുതി, കോവിഡ് മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് എന്നിവ മൂലം കുടിശ്ശികയായിട്ടുള്ള വായ്പാക്കാർക്ക് സഹകരണ വകുപ്പ് നടപ്പാക്കിയിട്ടുള്ള നവകേരളീയം കുടിശ്ശിക നിവാരണം - 2021 പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകളിൽ പരമാവധി ഇളവുകൾ നൽകി വായ്പകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കോവിഡ് മഹാമാരി കാരണം ജനജീവിതം ദു:സ്സഹമായിരുന്ന സാഹചര്യത്തിൽ 2021 ആഗസ്റ്റ് മാസം 16- ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും, അവർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായി നിലവിൽ 2022 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വായ്പകളിന്മേലുള്ള ജപ്തി നടപടികൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | വായ്പാകുടിശ്ശിക ഇളവുകളോടെ അടച്ച് തീർത്ത് ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സാവകാശം വായ്പക്കാർക്ക് അനുവദിക്കുക എന്ന ഉദ്ദേശത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച പദ്ധതി നിലവിൽ 2022 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | നാശനഷ്ടം സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്കും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വ്യാപാരസ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി | (സി) | വീടുകളുടെ അറ്റകുറ്റ പണികൾക്കും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭി- ക്കുന്നതിനുമുള്ള വായ്പാ പദ്ധതികൾ നിലവിൽ ഉണ്ട്. |

| | | | |
|---|---|---|---|
| | വായ്പാസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി നാശനഷ്ടം സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനാവശ്യമായ സഹായം ലഭ്യമാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നാശനഷ്ടം സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനാവശ്യമായ സഹായം നൽകുന്നതിന് കെയർ ഹോം പദ്ധതിയിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ